**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2509** **02-08-2021 - ൽ മറുപടിയ്ക്ക്**

**വീട് ഒരു വിദ്യാലയം പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ കോവിഡ് കാല പഠനവുമായി ബന്ധപ്പെട്ട് 'വീട് ഒരു വിദ്യാലയം' എന്ന പരിപാടി സമഗ്രശിക്ഷാ കേരളം മുഖേന നടപ്പിലാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട് |
| (ബി) | എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പരിപാടിയിലൂടെ കുട്ടികളുടെ വീടുകളിൽ സജ്ജമാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ കോവിഡ്കാല പഠനവുമായി ബന്ധപ്പെട്ട് " വീട് ഒരു വിദ്യാലയം “ എന്ന പരിപാടി സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നുണ്ട്. പ്രധാനമായും എൽ.പി.യു.പി.ക്ലാസുകളിലെ കുട്ടികൾക്കായാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾക്ക് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു 1. കുട്ടികളുടെ ഗണിതശേഷി, ഭാഷാശേഷി തുടങ്ങിയവ ഉറപ്പിക്കുന്നതിനുള്ള കാര്യങ്ങൾ ചെയ്യുന്നു. 2 കുട്ടികളെ വായനയിലേക്കും എഴുത്തിലേക്കും പ്രേരിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി പ്രൈമറി വിദ്യാലയത്തിലെ കുട്ടികളുടെ വീടുകളിൽ " ഹോം ലൈബ്രറി “ സംവിധാനം ഉറപ്പാക്കുന്നു. 3.ലാബ് @ഹോം പ്രവർത്തനം - പരിസരത്തെ പരീക്ഷണശാലയാക്കി കുട്ടി സ്വയംരൂപപ്പെടുത്തി അവതരിപ്പിക്കുന്ന പ്രവർത്തന ങ്ങൾ. കുട്ടികളുടെ വീടുകളിൽ ശാസ്ത്ര-ഗണിത-സാമൂഹ്യശാസ്ത്ര ലാബുകൾ ഒരുക്കുന്നു. ഈ പരിപാടി കുട്ടികളിൽ ശാസ്ത്ര-ഗണിത ശാസ്ത്ര-സാമൂഹ്യശാസ്ത്ര പഠനത്തിൽ കൂടുതൽ താല്പര്യം ജനിപ്പിക്കുന്നതിന് സഹായകരമാകും. 4. സസ്യശ്യാമളം -ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിക്കുക. ഇലകളുടെ ക്രമീകരണം, വലിയ ഇലകൾ, ചെറിയ ഇലകൾ, കൂടുതലായി ഇല പൊഴിക്കുന്നവ തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തുന്നതിന് കുട്ടികൾക്ക് പറഞ്ഞു കൊടുക്കുന്നു.ഹെർബേറിയം നിർമ്മിക്കുന്നതിനും കുട്ടികൾക്ക് നിർദ്ദേശം നൽകുന്നു. 5.ഒരു ദിവസം |

| | | | |
|---|---|---|---|
| | | | ഓരോ വീട്ടിലും എത്ര വൈദ്യുതി ഉപയോഗിക്കുന്നു. വീട്ടിൽ ഏതെല്ലാം വൈദ്യുതി ഉപകരണങ്ങൾ ഉണ്ട്. അവ ഒരു ദിവസം ഏകദേശം എത്ര സമയം പ്രവർത്തിക്കുന്നു, ഏതെങ്കിലും ഉപകരണത്തിന്റെ ഉപയോഗം കുറയ്ക്കാൻ കഴിയുമോ, ഒരു ദിവസം രാവിലെ മുതൽ അടുത്ത ദിവസം രാവിലെ വരെ വൈദ്യുത മീറ്ററിൽ വന്ന വ്യത്യാസം തുടങ്ങിയ വിവരങ്ങൾ മുതിർന്നവരുടെ സഹായത്തോടെ ശേഖരിച്ച് രേഖപ്പെടുത്തുന്നു. 6.മഴമാപിനി (വർഷമാപിനി) തയ്യാറാക്കലും നിരീക്ഷണവും. 7.വീട്ടിൽ കൃഷിചെയ്യൽ - കൃഷിരീതി - കുറിപ്പ്-ചെടികളുടെ വളർച്ച-നിരീക്ഷണകുറിപ്പ് തയ്യാറാക്കുന്നു. 8. താല്പര്യമുള്ള വിഷയങ്ങളെ സംബന്ധിച്ച് ചെറുവീഡിയോകൾ തയ്യാറാക്കൽ. |
| (സി) | ഏതെല്ലാം ക്ലാസ്സുകളിലെ കുട്ടികൾക്കാണ് പ്രസ്തുത പരിപാടിയുടെ പ്രയോജനം ലഭിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ കോവിഡ്കാല പഠനവുമായി ബന്ധപ്പെട്ട് " വീട് ഒരു വിദ്യാലയം “ എന്ന പരിപാടി സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നുണ്ട്. പ്രധാനമായും എൽ.പി.യു.പി.ക്ലാസുകളിലെ കുട്ടികൾക്കായാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾക്ക് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു 1. കുട്ടികളുടെ ഗണിതശേഷി, ഭാഷാശേഷി തുടങ്ങിയവ ഉറപ്പിക്കുന്നതിനുള്ള കാര്യങ്ങൾ ചെയ്യുന്നു. 2 കുട്ടികളെ വായനയിലേക്കും എഴുത്തിലേക്കും പ്രേരിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി പ്രൈമറി വിദ്യാലയത്തിലെ കുട്ടികളുടെ വീടുകളിൽ " ഹോം ലൈബ്രറി “ സംവിധാനം ഉറപ്പാക്കുന്നു. 3.ലാബ് @ഹോം പ്രവർത്തനം - പരിസരത്തെ പരീക്ഷണശാലയാക്കി കുട്ടി സ്വയംരൂപപ്പെടുത്തി അവതരിപ്പിക്കുന്ന പ്രവർത്തന ങ്ങൾ. കുട്ടികളുടെ വീടുകളിൽ ശാസ്ത്ര-ഗണിത-സാമൂഹ്യശാസ്ത്ര ലാബുകൾ ഒരുക്കുന്നു. ഈ പരിപാടി കുട്ടികളിൽ ശാസ്ത്ര-ഗണിത ശാസ്ത്ര-സാമൂഹ്യശാസ്ത്ര പഠനത്തിൽ കൂടുതൽ താല്പര്യം ജനിപ്പിക്കുന്നതിന് സഹായകരമാകും. 4. സസ്യശ്യാമളം -ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിക്കുക. ഇലകളുടെ ക്രമീകരണം, വലിയ ഇലകൾ, ചെറിയ ഇലകൾ, കൂടുതലായി ഇല പൊഴിക്കുന്നവ തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തുന്നതിന് കുട്ടികൾക്ക് പറഞ്ഞു കൊടുക്കുന്നു.ഹെർബേറിയം നിർമ്മിക്കുന്നതിനും കുട്ടികൾക്ക് നിർദ്ദേശം നൽകുന്നു. 5.ഒരു ദിവസം ഓരോ വീട്ടിലും എത്ര വൈദ്യുതി ഉപയോഗിക്കുന്നു. വീട്ടിൽ ഏതെല്ലാം വൈദ്യുതി ഉപകരണങ്ങൾ ഉണ്ട്. അവ ഒരു ദിവസം ഏകദേശം എത്ര സമയം പ്രവർത്തിക്കുന്നു, ഏതെങ്കിലും ഉപകരണത്തിന്റെ |

| | | | |
|---|---|---|---|
| | | | ഉപയോഗം കുറയ്ക്കാൻ കഴിയുമോ, ഒരു ദിവസം രാവിലെ മുതൽ അടുത്ത ദിവസം രാവിലെ വരെ വൈദ്യുത മീറ്ററിൽ വന്ന വ്യത്യാസം തുടങ്ങിയ വിവരങ്ങൾ മുതിർന്നവരുടെ സഹായത്തോടെ ശേഖരിച്ച് രേഖപ്പെടുത്തുന്നു. 6.മഴമാപിനി (വർഷമാപിനി) തയ്യാറാക്കലും നിരീക്ഷണവും. 7.വീട്ടിൽ കൃഷിചെയ്യൽ - കൃഷിരീതി - കുറിപ്പ്- ചെടികളുടെ വളർച്ച-നിരീക്ഷണകുറിപ്പ് തയ്യാറാക്കുന്നു. 8. താല്പര്യമുള്ള വിഷയങ്ങളെ സംബന്ധിച്ച് ചെറുവീഡിയോകൾ തയ്യാറാക്കൽ. |

സെക്ഷൻ ഓഫീസർ